II ഇ.ബി.XIV-കേരള നിയമസഭ/VII-1

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 ആഗസ്റ്റ് 07, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനം 2017 ആഗസ്റ്റ് മാസം 07-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയ ഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ബി.ജെ.പി. - സി.പി.ഐ.(എം.) പ്രവർത്തകർ തമ്മിലുണ്ടായ രാഷ്ട്രീയ അക്രമങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തെ തുടർന്ന് നിശബ്ദരായി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1 & *7) മെഡിക്കൽ കോളേജുകളുടെ അംഗീകാരത്തിന് കോഴ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതിക്കായി കോഴ നൽകിയതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും തിരുവനന്തപുരം ജില്ലയിൽ വർക്കല എസ്.ആർ. എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റിന്റെ മെഡിക്കൽ കോളേജിന് അംഗീകാരത്തിനായി കൈക്കൂലി നൽകിയതും അതുമായി ബന്ധപ്പെട്ട ഹവാല ഇടപാടുകളും സംബന്ധിച്ച വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരികയാണെന്നും സഭയെ അറിയിച്ചു. അഴിമതിയാരോപണങ്ങളിൽ നിന്ന് ശ്രദ്ധതിരിച്ചുവിടാനായി അക്രമസംഭവങ്ങൾ ഉണ്ടാകാനിടയുണ്ടെന്ന ഇന്റലിജൻസ് ബ്യൂറോ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ വേണ്ട മുൻകരുതലുകളെടുത്തിട്ടുണ്ടെന്നും കേരളത്തിൽ കോഴ വിവാദവുമായി ബന്ധപ്പെട്ട് പാർട്ടി നിയോഗിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ പരാമർശങ്ങൾ സംബന്ധിച്ച് അന്വേഷണം നടക്കുകയാണെന്നും ഇവിടെ ഉയർന്നുവന്ന പരാതി സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തി വസ്തുതകൾ കണ്ടെത്തുന്നതിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ളപക്ഷം മറ്റൊരു ഏജൻസി അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2 & *18) സ്വാശ്രയ മെഡിക്കൽ ഫീസ്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, ജസ്റ്റിസ് രാജേന്ദ്രബാബു അദ്ധ്യക്ഷനായ സമിതി, 2017-ലെ 14-ാം നമ്പർ ഓർഡിനൻസിലെ നിബന്ധനകൾക്ക് വിധേയമായി ബി.ഡി.എസ്.-ന്റെ 85% സീറ്റുകൾക്ക് 2.9 ലക്ഷം രൂപ, 15% NRI സീറ്റുകൾക്ക് 6 ലക്ഷം രൂപ, എം.ബി.ബി.എസ്. 85 % സീറ്റുകൾക്ക് 5 ലക്ഷം രൂപ, 15% NRI സീറ്റുകൾക്ക് 20 ലക്ഷം രൂപ എന്നിങ്ങനെ സ്വാശ്രയ മെഡിക്കൽ സീറ്റുകളുടെ താല്ക്കാലിക ഫീസ് പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ക്രൈസ്തവ മാനേജ്മെന്റുകൾക്ക് കീഴിലുള്ള നാല് കോളേജുകളുടെ ഫീസ് നിരക്ക് സംബന്ധിച്ച് 2015-ൽ സർക്കാരുമായി കരാർ ഒപ്പുവച്ചുവെങ്കിലും എൻ.ആർ.ഐ. ഉൾപ്പെടെയുള്ള സീറ്റുകളിൽ ഇപ്പോൾ കോമൺ കൗൺസിലിംഗ് നടത്തുന്നത് പ്രവേശന പരീക്ഷാ കമ്മീഷണറായതിനാൽ മാനേജ്മെന്റ് സീറ്റുകളിൽ അഡ്മിഷൻ നടത്താനുള്ള അവകാശം മാനേജ്മെന്റുകൾക്ക് നഷ്ടമാകുകയും മുൻ കരാറിന്റെ സാധുത ഇല്ലാതാവുകയും ചെയ്തു. 5 ലക്ഷം രൂപ താല്ക്കാലിക ഫീസ് നിശ്ചയിച്ചതിനെതിരെ ക്രൈസ്തവ മാനേജ്മെന്റുകൾ സമർപ്പിച്ച ഹർജിയിൽ അവരുടെ ഭാഗംകൂടി കേട്ട് തീരുമാനം കൈക്കൊള്ളാൻ ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. 10.04.2017-ന് ഇറക്കിയ ഓർഡിനൻസ് തുടർന്നുവന്ന നിയമസഭയിൽ

അവതരിപ്പിച്ച് നിയമമാക്കാൻ തയ്യാറാക്കിയിരുന്നെങ്കിലും അവിചാരിതമായി അസംബ്ലി ദിനങ്ങൾ വെട്ടിച്ചുരുക്കിയതിനാൽ ബിൽ അവതരിപ്പിക്കാൻ കഴിയാതെ 10.07.2017-ന് ഓർഡിനൻസ് റീ-പ്രൊമുൾഗേറ്റ് ചെയ്യേണ്ടി വന്നുവെന്നും ഓർഡിനൻസ് പ്രകാരമുള്ള കമ്മിറ്റി രൂപീകരണത്തിൽ വന്ന പിശക് ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ തിരുത്തി ഉത്തരവായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഇപ്രാവശ്യം എല്ലാ സീറ്റിലേയ്ക്കും നീറ്റ് മെരിറ്റിൽ നിന്നാണ് അഡ്മിഷൻ നടക്കുന്നത്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിച്ചതിനുശേഷം 50:50 എന്ന അനുപാതത്തിൽ കഴിഞ്ഞ വർഷത്തെ അതേ ഫീസ് നിരക്കിൽ മൂന്ന് കോളേജുകൾ കരാറിൽ ഒപ്പിട്ടിട്ടുണ്ട്. കഴിഞ്ഞ വർഷത്തേക്കാൾ ഫീസ് വർദ്ധിപ്പിക്കാൻ കഴിയില്ലെന്നും മുഴുവൻ അലോട്ട്മെന്റുകളും സർക്കാർ നടത്തുമെന്നുമുള്ള നിബന്ധന അംഗീകരിച്ചാൽ കരാറിലേർപ്പെടാമെന്നുമാണ് സർക്കാർ തീരുമാനിച്ചത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് കൃത്യമായി നടക്കുന്നുണ്ടെന്നും അലോട്ട്മെന്റുകൾ നിശ്ചയിച്ച തീയതികളിൽത്തന്നെ നടക്കുകയും സ്പോട്ട് അലോട്ട്മെന്റ് സർക്കാർതന്നെ നടത്തുകയും ചെയ്യുമെന്നും നീറ്റ് മെറിറ്റടിസ്ഥാനത്തിലുള്ള അലോട്ട്മെന്റുകൾ സുപ്രീംകോടതിയും ഗവൺമെന്റും നിശ്ചയിച്ചിട്ടുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് ഗവൺമെന്റ്

നടത്തുന്നതെന്നും പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടക്കുകയാണെന്നും അലോട്ട്മെന്റ് സമയത്ത് നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ കഴിഞ്ഞ പ്രാവശ്യത്തെ അലോട്ട്മെന്റ് പ്രോസസും ഫീസും തന്നെയാണ് ഇത്തവണയും പരിയാരം മെഡിക്കൽ കോളേജിൽ നടപ്പാക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3 (*3) പകർച്ചപ്പനി

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കാലാവസ്ഥാ വ്യതിയാനങ്ങൾ, താപനിലയിലുണ്ടാകുന്ന വർദ്ധനവ്, ഇടവിട്ടുള്ള മഴ, ഖര, ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിലെ പോരായ്മ, കൊതുക്, ഈച്ച, എലി തുടങ്ങിയവ പെരുകുന്നതിനുള്ള സാഹചര്യങ്ങൾ, ഉയർന്ന ജനസാന്ദ്രതയും നഗരവൽക്കരണവും, സാമൂഹിക ശുചിത്വത്തിലുള്ള താൽപ്പര്യക്കുറവ്, ഉറവിടത്തിൽത്തന്നെ മാലിന്യം സംസ്കരിക്കാനുള്ള സൗകര്യക്കുറവ്, വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ എന്നിവയാണ് പനി പടർന്നുപിടിക്കാനുണ്ടായ പ്രധാന കാരണങ്ങളെന്നും മുൻവർഷങ്ങളിലേതുപോലെ മഴക്കാലപൂർവ്വ രോഗപ്രതിരോധ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും നടത്താനുള്ള നിർദ്ദേശങ്ങൾ ഈ വർഷവും നൽകുകയും ജനുവരി മാസത്തിൽത്തന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നുവെന്നും സഭയെ അറിയിച്ചു. ആരോഗ്യ വകുപ്പ്

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജനുവരി, ഏപ്രിൽ, മെയ് മാസങ്ങളിൽ ഹെൽത്തി കേരളാ ക്യാമ്പെയിനിന്റെ ഭാഗമായി പരിശോധന നടത്തി പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയ 1600 വീട്ടുകാർക്കും 1167 സ്ഥാപനങ്ങൾക്കും 349 തോട്ടം ഉടമകൾക്കും 113 കെട്ടിട നിർമ്മാണ യൂണിറ്റുകൾക്കും 407 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകൾക്കും സമ്പൂർണ്ണ ശുചീകരണ യജ്ഞത്തിന്റെ ഭാഗമായി പൊതുജന പങ്കാളിത്തത്തോടെ ആരോഗ്യവകുപ്പും കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി സംസ്ഥാന വ്യാപകമായി ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും നടത്തിയ പരിശോധനയിൽ പ്രതിരോധ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയവർക്കും പൊതുജനാരോഗ്യ നിയമപ്രകാരം നോട്ടീസ് നൽകുകയുണ്ടായി. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ യഥാസമയം ജില്ലാ-സംസ്ഥാനതല വിദഗ്ധ സമിതികൾ സന്ദർശിച്ച് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുകയും കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക, വീടിന് പുറത്ത് കീടനാശിനി പുകയ്ക്കൽ, കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവയും ചെയ്തുവരുന്നതോടൊപ്പം എലിപ്പനി പ്രതിരോധത്തിന്റെ ഭാഗമായി രോഗസാധ്യതയുള്ള തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് രോഗ പ്രതിരോധ ഗുളിക

വിതരണം ചെയ്യുന്നത് ശക്തിപ്പെടുത്തുകയും കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷനും പനി ചികിത്സാ ബോധവത്കരണവും നടത്തുകയും ചെയ്തു. കൂടാതെ സംസ്ഥാനതല റാപ്പിഡ് റെസ്പോൺസ് ടീം രണ്ടുപ്രാവശ്യം യോഗം ചേർന്നും കേന്ദ്ര വിദഗ്ദ്ധ സംഘങ്ങൾ സംസ്ഥാനത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും മരുന്നുകൾ, ടെസ്റ്റ് കിറ്റുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുകയും ഒ.പി. സമയം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഇപ്രാവശ്യം കൂടുതൽ പനി ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് സൂചനയുണ്ടായിരുന്നതിനാൽ പനി നിയന്ത്രിക്കുന്നതിനും മരണങ്ങൾ കുറയ്ക്കുന്നതിനുമുള്ള ശ്രമങ്ങളും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ ശുചീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഇപ്രാവശ്യം ഡെങ്കിപ്പനിമൂലം 24-ഉം എലിപ്പനിമൂലം 11-ഉം എച്ച്.1 എൻ.1 പനിമൂലം 71-ഉം ആളുകൾ മരണപ്പെടുകയുണ്ടായെന്നും ആയുർവേദ-ഹോമിയോ മേഖലകളെ ശക്തിപ്പെടുത്തി രോഗപ്രതിരോധം നടത്തുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 362 വരെയുള്ള ചോദ്യങ്ങളിൽ 137 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)